# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2287** — 18.06.2014-ൽ മറുപടിക്ക്

### ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. ഉമ്മർ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം നൽകുമോ ; | (എ) | പരിഗണനയിലാണ് ; സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയുടെ പ്രവർത്തനം നിയന്ത്രിക്കാനുദ്ദേശിച്ചുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ നിയമമാകുന്നതിന്റെ അവസാന ഘട്ടത്തിലാണ്. ബഹു. കേരള ഗവർണറും മന്ത്രിസഭാ യോഗവും അംഗീകാരം നൽകിയിട്ടുണ്ട്. ബില്ലിന്റെ കരട് പ്രസിദ്ധീകരിക്കുകയും എം.എൽ.എ -മാർക്ക് സർക്കുലേറ്റ് ചെയ്തിരിക്കുകയും ആണ്. പ്രസ്തുത ബിൽ നിയമമാകുന്നതോടെ സംസ്ഥാനത്തെ സ്വകാര്യ ക്ലിനിക്കൽ സ്ഥാപനങ്ങൾക്കു മേൽ സർക്കാരിന് വ്യക്തമായ നിയന്ത്രണം ഉണ്ടാകുന്നതാണ്. |
| (ബി) രജിസ്ട്രേഷന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കേണ്ടത് ; | (ബി) | 'ദി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ 2008' എന്ന ബില്ലിൻമേൽ നിയമം വരുന്നതോടെ രജിസ്ട്രേഷൻ മാനദണ്ഡങ്ങളും നിയമ നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങളും പുറപ്പെടുവിക്കുന്നതാണ്. |
| (സി) രജിസ്ട്രേഷൻ മാനദണ്ഡങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ; | (സി) | |
| (ഡി) നടപടിമൂലം പൂട്ടിപ്പോകുന്ന സ്ഥാപനങ്ങൾക്ക് പകരം സംവിധാനങ്ങൾ ഏർപ്പെടുത്തുമോ ; വിശദാംശം നൽകുമോ ? | (ഡി) | |

സെക്ഷൻ ഓഫീസർ